Noes—(*contd.*)

32 Shri P. Kunjan
33 „ A. Kunjan Nadar
34 Smt. T. C. Leela Devi Amma
35 Shri P. M. Markose
36 „ M. M. Mathai
37 „ C. A. Mathew
38 „ P. S. Nataraja Pillai
39 „ R. Ponnappa Nadar
40 „ A. A. Rahim
41 Dr. A. R. Menon
42 Shri P. Ramaswami Pillai
43 „ P. J. Sebastian
44 „ V. V. Sebastian
45 „ S. Seshadrinatha Sarma
46 Shri A. M. Simon
47 „ K. A. Sivarama Bharathy
48 „ P. Thanulingam Nadar
49 „ A. Thanu Pillai
51 „ A. Thankiah
52 Dr. P. T. Thomas
53 Shri K. I. Velayudhan
54 „ Kalathil Velayudhan Nair
55 „ T. M. Varghese
56 „ M. William
57 „ A. A. D. Luiz

NEUTRALS—Nil.

MR. SPEAKER : For the motion 25, aganist the motion 57, neutral nil. The amendment is lost.

MR. SPEAKER : We shall postpone further consideration of the Bill and take up the Resolution posted for today.

Panel of Chairmen.

I have also to make an announcement.

Under Rule 8 of the Rules of Procedure and Conduct of Business of the Assembly, I nominate Shri T. M. Varghese and Shri N. Raghava Kurup as Panel of Chairmen for this Session.

Resolution.

Home Minister (SHRI A. J. JOHN) : I beg to move the following resolution :

"Whereas for the purpose of securing uniformity in Legislation it is desirable that the control and regulation of prize competitions and all other matters ancillary thereto should be regulated in the State of Travancore-Cochin by the Prize Competitions Act, 1955 (42 of 1955) passed by Parliament :

Now, therefore, in pursuance of clause (1) of Article 252 of the Constitution, this Assembly resolves that the Act aforesaid be adopted by the State of Travancore-Cochin."

LIBRARY ARCHIVES Kerala Legislative Assembly

സർ, പ്രൈസ് കമ്മറിഷൻസ് ധാരാളം ഈ രാജ്യത്തും മറ്റും നടക്കുന്നതുകൊണ്ടു സാധാരണക്കാരായ ആളുകൾക്കു വളരെ കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നുണ്ടു്. അതിനെ നിയന്ത്രിക്കുന്നതിനു് ഒരു നിയമം ഈ സ്റ്റേറിൽത്തന്നെ പാസ്സാക്കണമെന്നും, അതിലേക്കു ബാംബെയിലുള്ള ആക്ടനുസരിച്ചു ഒരു നിയമം ഉണ്ടാക്കണമെന്നും ആണു ഗവണ്മെൻറു ഉദ്ദേശിച്ചിരുന്നതു്. മറ്റു എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകത്തക്ക വിധത്തിൽ അഖിലേൻഡ്യാടിസ്ഥാനത്തിൽ ഇതു സംബന്ധിച്ചു ഒരു നിയമം പാസ്സാക്കണമെന്നു ഇൻഡ്യാ ഗവണ്മെൻറു തീരുമാനിക്കുകയും അങ്ങനെ ഒരു നിയമം അവിടെ പാസ്സാക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ ആ നിയമം പാസ്സാക്കുന്നതിനു മുൻപു എല്ലാ സ്റ്റേറുകളും ഇതു സംബന്ധിച്ചു ഒരു റസലൂഷൻ പാസ്സാക്കണമെന്നു നിർദ്ദേശിച്ചതനുസരിച്ചു ആന്ധ്രാ, ബറോഡാ, മദ്രാസ്, ഒറീസ്സാ, ഉത്തരപ്രദേശ്, ഹൈദരബാദ്, മദ്ധ്യപ്രദേശ്, പെപ്സു്, സൗരാഷ്ട്ര എന്നീ എല്ലാ രാജ്യങ്ങളിലെയും നിയമസഭയിൽ ഒരു യൂണിഫാമിറിറിക്കുവേണ്ടി ഈ റസലൂഷൻ പാസ്സാക്കിയതിനു ശേഷമാണു് സെൻട്രൽ ഗവണ്മെൻറു ഈ നിയമം പാസ്സാക്കിയതു്. ആർട്ടിക്കിൾ, 252 (1) ഇങ്ങനെയാണു്.

12 NOON

Art. 252 (1) "If it appears to the Legislatures of two or more States to be desirable that any of the matters with respect to which Parliament has no power to make laws for the States except as provided in articles 249 and 250 should be regulated in such States by Parliament by law, and if resolutions to that effect are passed by all the Houses of the Legislatures of those States, it shall be lawful for Parliament to pass an Act for regulating that matter accordingly, and any Act so passed shall apply to such States and to any other State by which it is adopted afterwards by resolution passed in that behalf by the House, or, where there are two Houses, by each of the Houses of the Legislature of that State."

ഇതനുസരിച്ചു ഈ നിയമം ഈ സംസ്ഥാനത്തേയ്ക്കുകൂടി ബാധകമാക്കുന്നതിനുവേണ്ടിയാണു ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു്.

ഈ നിയമത്തിൽ പ്രധാനമായ സംഗതി, ക്രാസ്വേർഡ് പസിൽസിനുവേണ്ടി വലിയതുകകൾ സമ്മാനമായികൊടുക്കുന്നു എന്നുള്ളതാണു്. ഒന്നോ, രണ്ടോ, അഞ്ചോ രൂപ മുടക്കി അതിലേക്കുള്ള ഫാറങ്ങൾ പൂരിപ്പിച്ചയയ്ക്കുന്ന പതിവിനെ നിയന്ത്രിക്കയാണു്. ധാരാളം ആളുകൾ ഇതിനുവേണ്ടി പണം അയയ്ക്കുന്നുണ്ടെങ്കിലും, നിസ്സാരമായ ഒരു ന്യൂനപക്ഷത്തിനു മാത്രമെ സമ്മാനം കിട്ടിയുള്ളൂ. അതിൽ ചേരുന്ന മഹാഭൂരിപക്ഷം പേർ എനിക്കു കിട്ടും, എനിക്കു കിട്ടും എന്ന വിചാരത്തിൽ പണം അയച്ചതിനുശേഷം നഷ്ടപ്പെടുകയാണു ചെയ്യുന്നതു്. തുകയെ സംബന്ധിച്ചു യാതൊരു നിയന്ത്രണവും ഇല്ലാത്തതുകൊണ്ടു്, ഇരുപതിനായിരം രൂപയോ, മുപ്പതിനായിരം രൂപയോ സമ്മാനം ലഭിക്കുമെന്നു പ്രസിദ്ധപ്പെടുത്തുന്നതു നിമിത്തം, ഒന്നോ, രണ്ടോ രൂപ മുടക്കിയാൽ ഈ വലിയ തുകകൾ ലഭിക്കുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

കഴുതി സാധുക്കളായ പലരും പണം അയയ്ക്കുകയും, ഒന്നോ, രണ്ടോ പേർക്കു സമ്മാനം ലഭിക്കുകയും ബാക്കിയുള്ളവർ നഷ്ടപ്പെടുകയുമാണു ചെയ്യുന്നതു്. ഇതിനെ നിയന്ത്രിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു പാർലമെൻറിൽ ഈ നിയമം പാസ്സാക്കിയിട്ടുള്ളതു്. ഇതനുസരിച്ചു്, ഒരു മാസത്തിൽ സമ്മാനമായി കൊടുക്കാവുന്ന തുക ആയിരം രൂപയിൽ കൂടരുതെന്നും, അതിലേക്കുള്ള എൻ ട്രി ഫീസ് (entry fees) രണ്ടായിരം രൂപയിൽ കൂടുതൽ ആകരുതെന്നും നിയന്ത്രിച്ചിട്ടുണ്ടു്. അങ്ങനെയാകുമ്പോൾ സാധാരണക്കാരായ ആളുകൾക്കു ഒന്നോ രണ്ടോ രൂപ മുടക്കിയാലും, ആയിരം രൂപയിൽ കവിയാത്ത ഒരു തുക മാത്രമെ സമ്മാനമായി ലഭിക്കുവാനിടയുള്ളൂ എന്ന ഒരു ബോദ്ധ്യം വരികയും അവർ അക്കാര്യത്തിൽ കൂടുതൽ താല്പര്യം കാണിക്കാതെയിരിക്കുകയും ചെയ്യുമിടയുണ്ടു്. അതിനും പുറമെ ഇതു നടത്തുന്ന ആളുകൾ ശരിയായ കണക്കുകൾ സൂക്ഷിക്കണമെന്നും, കണക്കുകൾ പരിശോധിക്കുന്നതിനു ഇവിടെ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു അധികാരം ഉണ്ടായിരിക്കുമെന്നും പറയുന്നുണ്ടു്. കൂടാതെ ഇതു നടത്തണമെങ്കിൽ അതിലേക്കു ലൈസൻസ് എടുക്കണമെന്നും പറഞ്ഞിട്ടുണ്ടു്. ലൈസൻസ് ഫീസ് ആയി ഒരു തുക അടയ്ക്കണമെന്നും, അതിനെ ലംഘിച്ചാൽ ശിക്ഷിക്കുമെന്നും വ്യവസ്ഥ ഉണ്ടു്. മൂന്നു മാസത്തെ തടവോ ആയിരം രൂപ പിഴയോ ശിക്ഷിക്കാവുന്നതാണു്.

അതിനാൽ മറ്റു എല്ലാ സ്റ്റേറ്റുകളും സ്വീകരിച്ചിട്ടുള്ളതും, പാർലമെൻറു പാസ്സാക്കിയിട്ടുള്ളതും ആയ ഈ പ്രമേയം, എല്ലാ മെമ്പറന്മാരും കൂടി യോജിച്ചു് ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

SHRI A. A. D. LUIZ : I have a point of order to raise. When I am raising this point of order, I do not want the Members of the House to imagine for a moment that I am advocating prize competitions. By adopting this resolution we are delegating to Parliament under Art. 252 the authority vested in this State to control competitions. I feel it is our duty to see a copy of that Central legislation. None of us has received a copy of that legislation.

ശ്രീ. എ ജെ. ജാൺ : 7.2.1956-ലെ ഗസറ്റിൽ പരസ്യം ചെയ്തിരുന്നു. ആ ഗസറ്റു ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. സി. ജോർജ്ജ് : ഗസറ്റിൽ പരസ്യം ചെയ്തിട്ടുള്ളതും, അതു കിട്ടിയിട്ടുള്ളതും പരമാർത്ഥമാണു്. പക്ഷെ, അതു വായിച്ചിട്ടില്ല എന്നുള്ളതും ഒരു പരമാർത്ഥമാണു്. ഒരു ഇൻഫർമേഷനുവേണ്ടി ചോദിക്കുകയാണു്. ക്രാസ്വേർഡ് നെ പറ്റിയാണു മന്ത്രി ഇവിടെ പ്രസംഗിച്ചതു്. നാക്കിനെ ചേർത്തുള്ള ചില കാമ്പറിഷൻസ് ഉള്ളതും ഇതിൽ ഉൾപ്പെടുമോ ?

ശ്രീ. എ. ജെ. ജാൺ : പ്രൈസ് കോമ്പറിഷൻ എന്നതിന്റെ ഡഫനിഷൻ ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

"Prize competitions" means any competition (whether called cross-word prize competition, a picture-prize competition or by any other name) in which prizes are offered for the solution of any puzzle based upon the building up, arrangement combination or permutation of letters, words or figures."

ശരാശരി കിട്ടിയതു വായിച്ചില്ല എന്നു ബഹുമാനപ്പെട്ട മെംബർ പറഞ്ഞുകേട്ടതിൽ വളരെ സങ്കടമുണ്ട്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : ബഹുമാനപ്പെട്ട മന്ത്രി ശ്രീ ഏ. ജെ. ജോൺ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഒരു മുതലാളിത്ത സാമ്പത്തിക വ്യവസ്ഥിതിയിൻകീഴിൽ ജീവിക്കുന്ന ജനതയ്ക്കു് പെട്ടെന്നു ധനികരാകാനുള്ള മാർഗ്ഗമായി അവലംബിച്ചിരിക്കുന്ന ഏതാനും മാർഗ്ഗങ്ങളിൽ ഒന്നാണു് ക്രോസ്‌വേർഡ്‌ മത്സരത്തിൽ പങ്കെടുക്കുക എന്നുള്ളതു്. ഭാഗ്യംകൊണ്ടു് പണം ഉണ്ടാക്കാൻ പലയാളുകളും പല മാർഗ്ഗങ്ങളും സ്വീകരിച്ചിരിക്കുന്നതിൽ ഒന്നാണു് ഇതു്. ഇതിന്റെ ഒരന്തപരിണത ഫലങ്ങളുടെ വിവിധരംഗങ്ങളായി പ്രത്യക്ഷദൃഷ്ടാന്തങ്ങളായി ധനസമ്പാദനയത്നങ്ങളിൽ ഏർപ്പെട്ടു് മുടിഞ്ഞു പാപ്പരാകുന്ന ആളുകളെ നമ്മുടെ നാട്ടിൽ കാണാനുണ്ടു്. അതുപോലെ നമ്മുടെ ചില മാക്കറികളിൽ 'ഇച്ചകളി' എന്നൊരു സമ്പ്രദായമുണ്ടു്. ഏതാനും ആളുകൾ കുറെ നാണയത്തുട്ടു് നിക്ഷേപിച്ചിട്ടു്, ആരുടെ തുട്ടിലാണോ ആദ്യം ഒരീച്ച വന്നിരിക്കുന്നതു്, ആ ആളിനു് അവിടെ നിക്ഷേപിക്കുന്ന തുട്ടുകൾ മുഴുവനും ലഭിക്കുന്ന ഒരു കളിയാണതു്. ക്രോസ്‌വേർഡ്‌ നിയന്ത്രിക്കുന്നതിനു് ഒരു നിയമം ഉണ്ടാക്കുന്നതുകൊണ്ടു് നമ്മുടെ സാമ്പത്തികഭദ്രതയ്ക്കു് ഒരു ശാശ്വതത്വം ഉണ്ടാകുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നില്ല. എങ്കിലും ഇതു് സ്വാഗതാർഹമായ ഒരു നിയമമാണെന്നു് സമ്മതിക്കുന്നു. ഈ നിയമത്തെ അനുകൂലിക്കുകയും, നമുക്കുകൂടി ബാധകമാകത്തക്കവണ്ണം കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ പിൻതാങ്ങുകയും ചെയ്യുന്നതോടൊപ്പം, ചില പാട്ടങ്ങളിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന അനാശാസ്യമായ ധനസമ്പാദനമാർഗ്ഗങ്ങളെയും തടയേണ്ടതാണു്. ആലപ്പുഴ, മുതലായ ചില സ്ഥലങ്ങളിൽ ഒരു ബോർഡിൽ അമ്പുകൾ എറിഞ്ഞു് പിടിപ്പിച്ചു് പണം സമ്പാദിക്കുന്ന ഒരു കളിയുണ്ടു്. അതുപോലെ കപ്പലണ്ടി കച്ചവടക്കാർക്കു കാണുന്ന ഒരു സൂത്രമുണ്ടു്. ഇങ്ങനെ എല്ലാ രംഗത്തുപോയാലും ഭാഗ്യപരീക്ഷകൊണ്ടു് ധനസമ്പാദനത്തിനുള്ള മാർഗ്ഗങ്ങൾ കാണാം. ഇങ്ങനെ ഭാഗ്യപരീക്ഷകൾകൊണ്ടു് ധനസമ്പാദനത്തിനുള്ള അവസരം തടഞ്ഞില്ലെങ്കിൽ, സ്വന്തം കഴിവുകൾകൊണ്ടു് പണമുണ്ടാക്കാനുള്ള പ്രവണതകൾ കുറഞ്ഞുപോകുമെന്നാണു് എന്റെ അഭിപ്രായം. വിശേഷിച്ചും മനുഷ്യസംസ്കാരത്തെ ചോദ്യംചെയ്യുന്ന ഈ മാതിരി പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനു് എത്രയും വേഗം ഈ നിയമം നമ്മുടെ നാട്ടിനുകൂടി ബാധകമാകത്തക്കവിധം ഈ പ്രമേയത്തെ അനുകൂലിക്കുകയും ഇതു് പാസ്സാക്കണമെന്നു് ഈ സഭയോടു് അപേക്ഷിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

SHRI A. A. D. LUIZ: Sir, the Lok Sabha unanimously adopted the Prize Competitions Bill No. 45 of 1955 in the afternoon of the 26th September 1955. In the course of the debate there was practically unanimity of opinion both in the Congress and Opposition benches. But for certain suggestions to reduce the prize amount and from others to ban the same completely, there was no difference of opinion. Request to refer this Bill to a Select Committee was refused. The Bill was debated for about ninety minutes in the Rajya Sabha on the 30th September 1955 and forwarded to the President for assent. Assent was given on the 22nd October 1955. Members of the Rajya Sabha were equally vehement regarding the evil.

I am definite that the members of this house too are agreed that the menace of competitions has come to the forefront and has assumed nearly appalling proportions. In many ways this has caused widespread demoralisation, impoverishment and almost a danger to society.

Even though the legislation has been passed, the evil still continues and the legislators of the Lok Sabha think that the sting has been removed. After all the central legislation has not totally banned the evil but has just reduced the evil. The poison is still there and it can be consumed in slow degrees. What a horrible get-up. The ceiling limit of money to be given away in prizes is brought down to Rs. 1,000 and the number of entries has been restricted. I personally think that the hopes of the Government that by reducing the limit, the evil will gradually die out, is absolutely wrong. I am afraid that this hope is flimisly based and there is still ample scope for seduction and temptation. It is said that a limit of Rs. 1,000 would meet the need of genuine and bonafide competitions. Well, in as much as the Central Legislation has not totally banned competitions, I feel Sir, that the bill is an incomplete legislation. The central legislation has indirectly given assent to an evil to exist. All through the debate crosswords have been described as an anti-social phenomena but the outcome is that it can continue to exist. The mountain laboured and brought forth a rat. Government should seldom launch on social legislation, and if they do, the provisions should be rigid.

Gambling, history of the nations will tell you, is as old as humanity itself. To what extent can a Government stop the weakness in the human nature to get rich quickly?

LIBRARY ARCHIVES Kerala Legislative Assembly

Human nature has to be cured of such fallacies by proper education and not by legislation. We have already a glaring example of it in prohibition. The central legislation calls prize competitions an evil but while making law, says that it shall exist in a small way.

I am of opinion that this State should not surrender its rights to Central Government and adopt an incomplete and defective central legislation. We are all aware of centralisation and the connected evils.Beware, one authority is delegated to the centre, Provisions of Article 252 (2) controls us. We cannot amend or repeal the legislation. The definition of 'Prize Competitions' in Section 2 (d) of the Central Act is such that the Government cannot conduct a raffle, a competition or a foot ball pool nor can they authorise well organised institutions in this State to conduct anything. Will this be a legitimate surrender when we have powers vested with us to control the evil?

Even today the State Government are conducting raffles. I have with me the papers relating to the 9th Barati Raffle conducted under the authorisation of the Government of Orissa. This has been organised to build a stadium. I dare say that there are many similar competitions being conducted in other parts of India. There will be occasions when we in this State shall have similar needs.

Sir, may I inform this House what the learned judge of the Bombay High Court had to say with regard to competitions? Please bear in mind that there is very little difference between X-word competitions and foot ball pools. On the 22nd Apri 1954, Lordship Honourable Justice Desai of the Bombay High Court while delivering judgment stated that crosswords was not a lottery but a competition in which skill, knowledge on the part of the competitor was the real ingredient in the distribution of prizes. I suppose the legislators of the Lok Sabha had this in the back of their minds and that is why it was not totally banned even though it was labelled a 'social evil'.

Sir, this State should reserve their rights and bring in legislation which they can modify to suit conditions. There may be occasions when we have to look up to the human weakness to become rich quickly to raise a fund to meet our social needs.

LIBRARY ARCHIVES Kerala Legislative Assembly

[Shri A. A. D. Luiz]

Let me give you a survey of set-ups all over the world. In England foot ball pools are permitted and the two restrictions enforced are that those who conduct the same should be registered and not more than 12 percent shall be appropriated by those who run it. The Government of the United Kingdom is aware that the State has a substantial income from the pools. They have controlled the evil by issue of a licence and by maintaining a rigid supervision.

What prevails in the European countries is revealed by an article in the journal published by the Danish Foreign office. I am placing this journal on the table for use of members. The very headline is that 'Pools serve the nation'. It is stated therein that since 1946 the Danish pools have brought in 100 million korner for the Government. A substantial proportion of the surplus has been earmarked by the Treasury but various socially useful objects have been benefited as well, specially amateur sport which has profited by large sums. In fact, there is scarcely a single educational or social purpose which has not been assisted from the funds generously provided by the Danes. The Foot Ball Pool Act was passed in Denmark in 1948 and the revenue has been used for a million useful and humanitarian work. Sweden nationalised competitions in 1948 and so has many a European State. I am not aware what has happened in Russia. Possibly they have copied the other European States. I hope that those who have visited Russia will tell us more about it.

MR. SPEAKER: Am I to suppose that the hon. Member is opposing the resolution?

SHRI A. A. D. LUIZ: I am just giving a survey of what is happening in other countries of the world.

Let us be thoroughly conversant with the fact that the nations of the world have respected the universal human ambition to make money in an easy way and they have just harnessed that revenue for humanitarian purposes. If we allow the evil to continue, let it continue in a proper way. Let it be a source of income to the Nation. The Central Government is going to permit the evil to continue in a small way and as such, let it be our suggestion to continue it in a democratic and fully harnessed manner so that the revenues derived may be used for public good. If you have taken the position that it is an evil, let us not limit it to only Rs. 1,000. The evil is still there. So, I request the Minister to explain in his reply how the evil will cease to exist.

LIBRARY ARCHIVES Kerala Legislative Assembly

MR. SPEAKER: So, you have not moved your amendment?

SHRI A. A. D. LUIZ: I am not moving the amendment.

DR. A. R. MENON: Is Horse Race included in the Bill?

SHRI A. J. JOHN: I do not think it is included.

DR. A. R. MENON: The whole argument is based on the definite ground that a tendency to gamble is created and therefore action must be taken to put an end to this tendency. How is it then that the horse race is not prohibited—because it is the sport of the big men and the Government is making a lot of money out of it.? In what way is crossword puzzle a greater harm than horse race when one is using of human ingenuity and the other depending upon the speed of the poor innocent dump animal? You cannot argue on ethical grounds that it is reasonable to gamble on the speed of a horse while it is not reasonable to gamble on the ingenuity of human brains. After all life itself is a gamble. It is a chance. It is by a gamble that some Ministers went away and other Ministers came in; and by another gamble another change may come in. If you exclude chances, then such things would not have taken place. Every thing depends upon chance. What right have you to prevent those who gamble? How are you going to prevent it? Can you prevent it by legislation? You have tried to prevent prostitution by legislation. Did you succeed? Did any country succeed? These are inherent weaknesses of the human race which no Government by any piece of legislation would be able to put an end to completely.

Again, there are other civilised countries which are allowing this. The trouble with the Indian people and the Indian Government is the pretence of superior notion. We think we are on a higher plane of life, and what is tolerable in other countries is not tolerable in our own country. This pretence of a high political, personal and national morality has done immense damage, because it is based upon an exaggerated notion of our own self-importance, which self-importance, we do not deserve. Therefore, when you are dealing with a subject like this, simply copying what other States have done is no justification. You must justify it in action. In what way does this cross word injure public interests or the people? Have I not a right to gamble in an innocent game if I want? What is the objection? If I put one rupee and if by chance I get a large amount, what is

LIBRARY ARCHIVES Kerala Legislative Assembly

[DR. A. R. MENON].

your objection? Why do you prevent it by legislation? If you do it, then prevent all such games of chances. A Government or a country which tolerates horse race, dog races and cock-fighting comes here and preaches to us "you shall not gamble". Can we justify it by any ethical or moral ground? Sir, my friend who advanced arguments for retaining these came to the conclusion that prize competitions should not be retained. In Ireland this is done under the auspices of Government. Year by year an enormous amount is collected and utilised for various charitable purposes. In Germany, many of the municipalities run weekly and monthly raffles and the rule is that a substantial portion is kept back for charitable purposes. What prevents you from allowing the municipalities to run raffles and keep a good portion of the amount for charitable purposes, for the homeless or beggers? If you want to give adequate relief to the population, don't prevent such things by legislation. No body is going to lose, somebody may gain. We must consider all these aspects; and simply because it was enacted in Bombay and Calcutta or other places, that is no justification for the hon. Minister to bring forward such a piece of legislation here. Unless we are compelled by the Central Government and unless it is an obligation–in that case I have nothing to say–you must justify, you must render your reasons for bringing in a legislation like this, and you cannot cover that action by simply pleading that Bombay, Calcutta or Bihar has done it. They may do many things. Many things they do we may not be prepared to do and many things we do, they may not be prepared to do.

For these reasons, I am not convinced of the necessity or the reasonableness of such a measure on ethical grounds in this country. We must say 'spiritual' or spiritual grounds–or on moral grounds. As I find that it is not an absolute necessity to safeguard the public interests, I hope and trust that this matter will be reconsidered and Government will not bring forward enactments of this kind simply to justify the moralists who preach principles which they rarely practise in their life-time.

ശ്രീ. പി. ടി. കുഞ്ഞച്ചൻ : ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. ജെ. ജാൻ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണു്. ഇന്നു് പാർലമെൻറിൽ ഉണ്ടാക്കിയിട്ടുള്ള ഈ നിയമംകൊണ്ടു് വാസ്തവത്തിൽ ഒരു സോഷ്യൽ ഇവിൾ ആയിത്തീർന്നിരിക്കുന്ന ഒരു പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

കാമ്പിറിഷൻസ് നിരുത്സാഹപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. പ്രൈസ് കാമ്പിറിഷൻസ് ഒരു സോഷ്യൽ ഈവിൾ ആണെന്ന് പറയുമ്പോൾ കുറെ ആളുകളിൽനിന്നും പണം പിരിച്ചെടുത്ത് മറെറ ചിലർക്ക് പ്രൈസ് കൊടുക്കുന്നതുകൊണ്ട് ആളുകൾക്കുണ്ടാകുന്ന നഷ്ടം മാത്രം കണക്കാക്കിയാൽ പോരാ. അനേകായിരം പേരുടെ കയ്യിൽനിന്ന് നാലണയും എട്ടണയും വീതം വാങ്ങിച്ച് ഒന്നോ രണ്ടോ പേർക്ക് പ്രൈസ് കൊടുക്കുകയാണ് ചെയ്യുന്നത്. ഇതിന്റെ ഫലമായി ഏറെനാൾ ആളുകൾക്ക് പ്രൈസ് കിട്ടുകയും മറെറാരാൾക്ക് പ്രൈസ് കിട്ടാതിരിക്കുകയും ചെയ്യുന്നു. ഭാഗ്യത്തിൽ വളരെ ഏറെ വിശ്വസിക്കുന്ന ചില ആളുകൾ ഉള്ളതുകൊണ്ടാണ് ഇതു നടക്കുന്നത്. പ്രൈസ് കിട്ടാത്ത ആളുകൾക്ക് ഭാഗ്യമില്ലെന്നുള്ള ധാരണയിൽ സമാധാനപ്പെട്ടുവാനേ നിവൃത്തിയുള്ളൂ. തങ്ങൾക്ക് ഭാഗ്യമില്ലെന്നുള്ള ഈ ഒരു വിശ്വാസത്തിന്മേൽ ഏതെങ്കിലും പ്രവർത്തനരംഗങ്ങളിൽ സജീവമായി ഇറങ്ങി പ്രവർത്തിക്കുവാനുള്ള കെല്പില്ലായ്മയെ ഉത്തിക്കൊണ്ടുപോകുന്ന ഒരു മനോഭാവമാണ് ഇതുകൊണ്ടുണ്ടാകുന്നത്. രണ്ടാമതു ഭാഗ്യമില്ല, അതുകൊണ്ട് എന്തിനു ഇറങ്ങി പ്രവർത്തിച്ചാലും അതു വിജയിക്കുകയില്ല എന്ന ഒരു മനോഭാവത്തെയാണ് ഇതു വളർത്തുന്നത്. അതു തടയേണ്ടതാണ്. അതിനാൽ ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

SHRI J. A. BHAT: Sir, I rise to support the resolution moved by the hon. Minister. The Central legislation is really aimed at the removal of a social evil, and what has been attempted by the legislation is to ban gambling which has been carried on in our society in the name of competition. What has been actually allowed by the legislation is competition on the basis of merit and effort and what has been banned is competition of a gambling nature which is being carried on in the society today. So, in an independent country, it is the Government's duty to remove the social evils, and as a first step, such a legislation has been passed by Parliament and our Minister's resolution is only to make that legislation applicable to our State. There may be difficulties in the way of legislation for the banning of horse-race and other things. But those things can be actually done in future also. As a first step, this legislation is a welcome measure and I fully support the resolution moved by the hon. Minister.

ശ്രീ. എ. ജെ. ജാൺ: ഞാൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പ്രതിപക്ഷാംഗങ്ങളെല്ലാം അനുകൂലിക്കുന്നതായി കാണുന്നതിൽ സന്തോഷമുണ്ട്. ഈ പ്രമേയത്തെ സംബന്ധിച്ച് ശ്രീ. ലൂയിസ് ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പ്രമേയത്തെ അനുകൂലിക്കുകയാണോ, പ്രതികൂലിക്കുകയാണോ ചെയ്തതു് എന്നെനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന നിയമത്തിൽത്തന്നെ ചില ന്യൂനതകളെല്ലാം ഉണ്ടെന്നും, അതുകൊണ്ട് ചില ഭേദഗതികൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

വരുത്തേണ്ടതായുണ്ടെന്നും മറ്റും പറയുകയുണ്ടായി. അദ്ദേഹം ഇവിടെ ഒരു ഭേദഗതി ഹാജരാക്കിയിട്ടുണ്ടെങ്കിലും ആ ഭേദഗതി അവതരിപ്പിച്ചു കണ്ടില്ല. പ്രൈസ് കാംപെറിഷൻ നടത്താനുള്ള അവകാശം എല്ലാ പൗരന്മാർക്കും ഉള്ളതാണെന്നും അതുണ്ടു് അതു തടയുന്നതു് ശരിയല്ലെന്നും അദ്ദേഹം പാടിക്കുകയുണ്ടായി. രാജ്യത്തിന്റെ സാമൂഹ്യാഭ്യുത്തിനു ക്ഷതം വരുത്തിക്കൊണ്ടിരിക്കുന്ന ഏതൊരേർപ്പാടും പൗരാവകാശത്തിന്റെ പേരിൽ നിയന്ത്രിച്ചുകൂടെന്നു പറയുന്നതിനോടു് യോജിക്കുവാൻ നിവൃത്തിയില്ല. അതുപോലെ ശ്രീ. എ. ആർ. മേനോൻ, ഇംഗ്ലണ്ടിലും, അമേരിക്കയിലും വലിയ ആതുരശുശ്രൂഷകൾ, അനാഥമന്ദിരങ്ങൾ മുതലായവ കുതിരപന്തയങ്ങളും മറ്റും നടത്തി കിട്ടുന്ന പണംകൊണ്ടു് നടത്തിയ്ട്ടുള്ളതായി പറഞ്ഞു. അതു ശരിയായിരിക്കാം. പക്ഷെ, നാം സ്വീകരിച്ചിരിക്കുന്ന തത്വം എത്രതന്നെ ശ്രേഷ്ഠമായിരുന്നാലും അതിനുവേണ്ടി സ്വീകരിക്കുന്ന മാർഗ്ഗംകൂടി ശ്രേഷ്ഠമായിരിക്കണമെന്നു ഗവണ്മെൻറിനു നിർബ്ബന്ധമുണ്ടു്. ഏറ്റവും ദുഷിച്ച മാർഗ്ഗങ്ങളിൽക്കൂടി പണമുണ്ടാക്കി ആതുരശുശ്രൂഷകളോ, അനാഥമന്ദിരങ്ങളോ, അതുപോലുള്ള മറ്റു സ്ഥാപനങ്ങളോ ഉണ്ടാക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

രണ്ടാമതായി കുതിരപ്പന്തയം തുടങ്ങിയ "ഗ്യാംബ്ലിംഗ്" പ്രവർത്തനങ്ങൾനടത്തുന്നതിനെപ്പറ്റിയാണു് അദ്ദേഹം പറഞ്ഞതു്. അതു സാധാരണയായി ഒരു കൊല്ലത്തിൽ ഒരിക്കലോ മറ്റോ മാത്രം നടത്തുന്ന ഒന്നാണു്. എന്നാൽ ക്രാസ്സു് വേർഡ്സ് ഇൻഡ്യയുടെ പല ഭാഗങ്ങളിൽ പലപ്പോഴായി നടത്തിക്കൊണ്ടിരിക്കുന്ന ഒന്നാണു്. അതുകൊണ്ടാണു് അതിനെ ഉടനെ നിയന്ത്രിക്കണമെന്നു ഇൻഡ്യാഗവണ്മെൻറു വിചാരിച്ചതു്. മദ്രാസിലും, യു. പി. യിലും, എം. പി. യിലും മറ്റും ഈ പ്രമേയം സ്വീകരിച്ചിട്ടുണ്ടു്. ഇപ്പോൾത്തന്നെ അനിയന്ത്രിതമായ വിധം ഇവിടെ ക്രാസ്സു് വേർഡ്സ് കാംപെറിഷൻ വളർന്നിട്ടുണ്ടു്. അതുകൊണ്ടു് ഈ പ്രമേയം പാസ്സാക്കിത്തരണമെന്നപേക്ഷിക്കുന്നു.

The resolution was put and carried.

MR. SPEAKER: We will now adjourn and meet again at 8 A. M. tomorrow.

The House adjourned at 12-45 P. M. to meet again at 8 A. M. on Thursday, the 1st March 1956.

LIBRARY ARCHIVES Kerala Legislative Assembly